<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1488 — 05/02/2019- ൽ മറുപടിയ്ക്ക്

## <u>കീടനാശിനി ഉപയോഗം മൂലമുള്ള വിഷാംശം പരിശോധിക്കാൻ സംവിധാനം</u>

| <u>ചോദ്യം</u><br>ശ്രീ. സി.ദിവാകരൻ | <u>ഉത്തരം</u><br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനി ഉപയോഗം മൂലമുള്ള വിഷാംശം കണ്ടെത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് വകുപ്പിനു കീഴിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ: | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പഴം , പച്ചക്കറി എന്നിവയിലെ കീടനാശിനി ഉപയോഗം മൂലമുള്ള വിഷാംശം കണ്ടെത്താൻ പ്രത്യേകിച്ച് സംവിധാനം ഇല്ല. എന്നാൽ സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിലുള്ള പഴം, പച്ചക്കറി എന്നിവ സംസ്ഥാനത്ത് എത്തുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനയ്ക്കായി പുതുതായി രണ്ടു ലബോറട്ടറികൾ, ഒന്ന് വെള്ളാനിക്കര ഹോർട്ടീകൾച്ചർ കോളേജിലും, മറ്റൊന്ന് പടന്നക്കാട് കാർഷിക കോളേജിലും സ്ഥാപിച്ച് പരിശോധനയ്ക്ക് ആക്കം കൂട്ടി. ഇത് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുകയും |

| | |
|---|---|
| സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ? | തൻനിമിത്തം ഇത്തരം അന്യസംസ്ഥാന പഴം-പച്ചക്കറികൾക്ക് ആവശ്യക്കാർ കുറയുകയും ചെയ്തിട്ടുണ്ട്.<br>പരിശോധനാ ഫലങ്ങൾ സർക്കാർ വെബ്പോർട്ടലിലും കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുക വഴി ജനങ്ങളെ ഈ വിഷയത്തിൽ കൂടുതൽ ബോധവൽക്കരിച്ച് അത്തരം ഉല്പന്നങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നുണ്ട്.<br>ഇതിനു പുറമെ സംസ്ഥാനാതിർത്തികളിലും മറ്റും ഇത്തരം വിഷലിപ്ത പഴം-പച്ചക്കറികളെക്കുറിച്ചും മുന്നറിയിപ്പ നൽകുന്ന ലഘുലേഖകളും പരസ്യങ്ങളും നൽകിയും ഇവയുടെ വരവ് നിയന്ത്രിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**